10/03/22

05/03/22

x

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.1182(4)/20/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.8158/*എസ്.ഐ.സി-ജി2/2020* )

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തിയതി: 05.03.2022

ശ്രീ.കെ.കെ.രാജേഷ്,
അഗ്രമാൻ പവർ റിസർച്ച് കൾച്ചറൽ ചാരിറ്റബിൾ ട്രസ്റ്റ്,
റൂം നമ്പർ 2/431 എ, കരേച്ചിറ, തിരുമലഭാഗം.പി.ഒ., — അപ്പീൽ ഹർജിക്കാരൻ
ആലപ്പുഴ- 688 540.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ,
   തുറവൂർ തെക്ക്,
   ആലപ്പുഴ. — എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
   തഹസീൽദാർ (ഭൂരേഖ),
   താലൂക്ക് ഓഫീസ്, ചേർത്തല,
   ആലപ്പുഴ.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ നെൽവയൽ-തണ്ണീർത്തട സംരക്ഷണം നിയമം 2008-ന്റെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷിയുടെ അധികാര പരിധിയിലുള്ള തുറവൂർ വില്ലേജിലെ, നെൽപ്പാടങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ട് 01.06.2020 ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ലായെന്നു ചൂണ്ടിക്കാട്ടിയാണ് ടിയാൻ 17.08.2020 ൽ കമ്മീഷന് അപ്പീൽ ഹർജി നൽകിയത്.

2) ഇതുമായി ബന്ധപ്പെട്ട് 25.02.2022 ൽ കമ്മീഷൻ ഓഡിയോ ഹിയറിംഗ് നടത്തി.

3) ഇതേ ചോദ്യങ്ങൾ ഉന്നയിച്ച് അപ്പീൽ ഹർജിക്കാരൻ 01.06.2020 ൽ തന്നെ സമർപ്പിച്ച മറ്റൊരു അപേക്ഷയും ബഹു.മുഖ്യവിവരാവകാശ കമ്മീഷണറായിരുന്ന ശ്രീ.വിൻസൺ.എം.പോൾ A.P.1423(1)/2020/Sic dtd.10.11.2020 എന്ന ഉത്തരവ് പ്രകാരം തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണെന്ന് ഒന്നാം എതിർകക്ഷി ഹിയറിംഗിൽ മൊഴി നൽകി.

4) ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധരേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷി നൽകിയ മൊഴി വസ്തുതാപരമാണെന്ന് കമ്മീഷന് ബോധ്യപ്പെട്ടു.

5) ഒരേ വിഷയത്തിൽ ഒരേ ദിവസം ഒരു അപേക്ഷകൻ തന്നെ ഒന്നിലധികം അപേക്ഷ നൽകുകയാണ് ചെയ്തിരിക്കുന്നത്. ഇത് യഥാർത്ഥത്തിൽ വിവരാവകാശ നിയമത്തെ ദുരുപയോഗം ചെയ്യുക മാത്രമല്ല, ബന്ധപ്പെട്ട വിവരാവകാശ ഓഫീസർമാരുടെയും, വിവരാവകാശ കമ്മീഷന്റെ തന്നെയും ജോലിയും സമയവും അനാവശ്യമായി ചെലവഴിക്കാൻ ഇടയാക്കുന്നതുമാണ്. അറിയേണ്ട കാര്യങ്ങൾ അറിയാനായി അപേക്ഷ നൽകുന്നതിനപ്പുറം, ഉദ്യോഗസ്ഥരെ വട്ടംകറക്കാനുള്ള ഉപാധിയായി വിവരാവകാശ നിയമം ദുരുപയോഗം ചെയ്യുന്ന രീതിയിൽ നിന്ന്, അപ്പീൽ ഹർജിക്കാരൻ വിട്ടുനിൽക്കേണ്ടതാണെന്ന് ടിയാനെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു. ഇത്തരം പ്രവണത തുടരാൻ പാടില്ലെന്ന് അപ്പീൽ ഹർജി ക്കാരനെ കമ്മീഷൻ താക്കീത് ചെയ്യുകയും ചെയ്യുന്നു.

6) മുഖ്യവിവരാവകാശ കമ്മീഷണർ തന്നെ ഈ വിഷയത്തിൽ ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ, മറ്റു നടപടികൾക്കൊന്നും കടക്കാതെ കമ്മീഷൻ ഇന്നേ ദിവസം 05.03.2022 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Va